**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 943** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂർ സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ടം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ പെരുമ്പാവൂർ സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഭാഗമായി ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ രണ്ടാം ഘട്ടം നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ അനെക്സ് II നിർമ്മാണവുമായി ബന്ധപ്പെട്ട് Soil investigation പ്രവൃത്തിക്കായി 18.05.2023 ൽ 1,70,000/- രൂപയ്ക്ക് ചീഫ് എൻജിനീയർ ഭരണാനുമതി നൽകുകയും, തുടർന്ന് 29/05/2023ലെ PWD/BLDG/EST-TS/6389/2023-3-1-1 പ്രകാരം സാങ്കേതികാനുമതി ലഭിച്ച് വർക്ക് ടെണ്ടർ ചെയ്യുകയും Soil investigation പ്രവൃത്തി പൂർത്തീകരിച്ച് feasibility report 02/05/2024-ന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി പ്രവൃത്തിയുടെ Architectural Drawing അംഗീകാരത്തിനായി 11/05/2025-ന് കുന്നത്തുനാട് താലൂക്ക് തഹസിൽദാർക്ക് നൽകിയിട്ടുള്ളതുമാണ്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് Detailed Architectural Drawing, Design Drawing എന്നിവ തയ്യാറാക്കിയ ശേഷം ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**